# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 11 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

# നിലയ്ക്കലിലും സന്നിധാനത്തും കൂടുതൽ സൗകര്യങ്ങൾ- നിരീക്ഷക സമിതി

കഴിഞ്ഞതവണ സന്ദർശിച്ചതിനേക്കാൾ കൂടുതൽ സൗകര്യങ്ങൾ നിലയ്ക്കലും സന്നിധാനത്തും കാണാൻ കഴിഞ്ഞതായി ഹൈക്കടതി നിയോഗിച്ച നിരീക്ഷക സമിതി. കഴിഞ്ഞ തവണ നിലയ്ക്കൽ എത്തിയപ്പോൾ കൂടുതൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തണമെന്ന് ദേവസ്വം ബോർഡിനോട് നിർദ്ദേശിച്ചിരുന്നു. ഇത്തവണ അവിടെ കൂടുതൽ പാർക്കിംഗ് സൗകര്യം കാണാനായതായി സമിതി വിലയിരുത്തി. നിലയ്ക്കലിൽ മൂന്നു ജെസിബികൾ പ്രവർത്തിച്ചുകൊ ിരിക്കുകയാണ്. എവിടെയെല്ലാം കൂടുതലായി പാർക്കിംഗ് സൗകര്യം സൃഷ്ടിക്കാൻ കഴിയുമോ അതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. നിലയ്ക്കലിൽ പൊലീസ് വളരെ ശുഷ്കാന്തിയോടെയാണ് ഇക്കാര്യങ്ങളിൽ പ്രവർത്തിക്കുന്നത്. സമിതിയുടെ ശ്രദ്ധയിൽപ്പെട്ട ഒരു കാര്യം ശാസ്ത്രീയമായ പാർക്കിംഗ് സംവിധാനത്തിന്റെ അഭാവമാണ്. അതിനായി അടുത്ത വർഷത്തോടെ ശാസ്ത്രിയമായ പാർക്കിങ് സംവിധാനം ഏർപ്പെടുത്തുന്നതിന് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കാൻ ബോർഡിനോട് നിർദ്ദേശിക്കും. പാർക്കിങ് ഏരിയകളിൽ കൂടുതൽ ശൗചാലയ സൗകര്യവും കൂടി ഏർപ്പെടുത്തുന്നത് ഏറെ ഉപകരിക്കുമെന്ന് സമിതി ചൂ ിക്കാട്ടി. നിലയ്ക്കലിൽ നിന്ന് കെഎസ്ആർടിസിക്ക് ഇറങ്ങി

വരുന്നതിനുവേ ി എക്സിറ്റ് റോഡ് തയ്യാറാക്കിയിട്ടുള്ളത് ഏറെ സൗകര്യപ്രദമായ തോന്നിയെന്ന് സമിതിയംഗം ജസ്റ്റിസ് പി.ആർ.രാമൻ പ റഞ്ഞു. അത് ഒരു സ്ഥിരം സംവിധാനം ആക്കണം. അതിന് റോഡ് ടാർ ചെയ്യേ തു ്. അതും വികസനത്തിന്റെ ഭാഗമായി പരിഗണിക്കുമെന്ന് സമിതി പറഞ്ഞു. തുടർന്ന് സമിതി പമ്പയിലെത്തി ക്രമീകരണങ്ങൾ വിലയി രുത്തി. പമ്പ ഹിൽടോപ്പിൽ കൂടുതൽ തീർത്ഥാടകർ എത്തിയാൽ അവിടെ ബുദ്ധിമുട്ടുകൾ ഉ ാക്കും എന്നാണ് പ്രാഥമിക വിലയിരുത്തൽ. ഇക്കാരണത്താൽ കൂടുതൽ സുരക്ഷാസംവിധാനങ്ങൾ ഒരുക്കാൻ പൊലീസി നോട് നിർദ്ദേശിച്ചിട്ടു ്. പമ്പാതീരത്തു മുഴുവൻ പ്രളയത്തിൽ മണ്ണൊലിച്ചു പോയതിനാൽ മണൽചാക്കുകൾ ആണ് അടുക്കി വച്ചിട്ടുള്ളത്. അവിടെ അ പകടം ഒഴിവാക്കാൻ ആവശ്യമായ ബന്ധവസ്സുകൾ വരുത്തുന്നതിനെക്കുറിച്ച് പോലീസുകാരുമായി ആലോചിച്ചിട്ടു ്.വെള്ളിയാഴ്ച രാവിലെ ജസ്റ്റിസ് എസ്. സിരിജഗൻ, ഡി.ജി.പി. എ. ഹേമചന്ദ്രൻ എന്നിവരടങ്ങിയ നിരീക്ഷക സംഘം പാ ിത്താവളം ഭാഗത്ത് സന്ദർശനം നടത്തി. അവിടെ കഴിഞ്ഞപ്രാവശ്യം ഉള്ളതുപോലുള്ള ദർശനസൗകര്യം ഇപ്രാവശ്യം ഉ ോ എന്ന് സമിതി പരിശോധിച്ചു. അവിടെ കുറച്ചുഭാഗത്ത് മാത്രം വലിയ പാറക്കെട്ടുകൾ ക ത്തി. അതു വരാൻ കാരണം വാട്ടർടാങ്ക് നിർമ്മിച്ചപ്പോൾ അവിടെ നിന്നു നീക്കം ചെയ്ത് പാറകളാണ്. ഇത് വനപ്രദേശത്ത് ഇടാൻ സാധിക്കില്ല. അതിനാൽ താൽക്കാലികമായി അവിടെ വച്ചിരിക്കുന്നതാണ്. പാറകൾ സൗകര്യപ്രദമായ രീതിയിൽ സുരക്ഷിതമാ യി നീക്കം ചെയ്യുകയോ എവിടെയെങ്കിലും ഉപയോഗിക്കുകയോ ചെയ്യുന്നത് സംബന്ധിച്ച് അടുത്ത റിപ്പോർട്ടിൽ ഉൾപ്പെടുത്തും. മറ്റു പ്രദേശങ്ങളിൽ മകരവിളക്ക് ദർശിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കുന്നത് പുരോഗമിച്ചുകൊ ിരിക്കുകയാണ്. കഴിഞ്ഞ തവണത്തെ പോലെ തന്നെ വിശാലമായ സ്ഥലം ദർശനത്തിന് ഉ ോ എന്ന് പരിശോധിച്ചു. ഇത്തവണ അധിക സ്ഥലവും ലഭിച്ചിട്ടുള്ളതാണ് സമിതിയുടെ വിലയിരുത്തൽ. നിലമൊ രുക്കൽ ജോലികൾ ഇന്നും നാളെയും കൊ ു പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. തീർഥാടകരുടെ സുരക്ഷയും സൗകര്യങ്ങളും സംബന്ധിച്ചിട്ടുള്ള കാര്യങ്ങളെല്ലാം പോലീസുമായും ദേവസ്വം ബോർഡ് ഉ ദ്യോഗസ്ഥരുമായി ചർച്ചചെയ്തു. മകരവിളക്ക് ദർശിച്ചശേഷം തിരിച്ചു പോകേ റൂട്ടുകളും കൃത്യമായ സമിതി വിലയിരുത്തിയിട്ടു ്. ഇത്തവണ ദീപാരാധന കഴിഞ്ഞ് അധികം വൈകാതെ മകരസംക്രമപൂജ നടക്കുന്നതി നാൽ നട അടയ്ക്കുന്നത് ഭക്തർക്ക് ചെറിയ ബുദ്ധിമുട്ട് ഉ ാക്കുമെങ്കിലും ക്ഷേത്ര ചടങ്ങുകളുടെ ഭാഗമായതിനാൽ സ്വാഭാവികമാണെന്ന് സമിതി വിലയിരുത്തി. ചീഫ് എൻജിനീയർ ശങ്കരൻപോറ്റി, എക്സിക്യൂട്ടീവ് എൻജി നീയർ അജിത്കുമാർ, സ്പെഷ്യൽ കമ്മീഷ്ണർ എം. മനോജ് തുടങ്ങി പോ ലീസ് ഉദ്യോഗസ്ഥരും ദേവസ്വം ജീവനക്കാരും സമിതിയോടൊപ്പം ഉ ായി രുന്നു.

(പി.ആർ. ശബരി-432)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 11 | 2019 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### സന്നിധാനത്തും കാനനപാതയിലും വനംവകുപ്പിന്റെ 24 മണിക്കൂർ സ്‌ക്വാഡ്

വന്യമൃഗങ്ങളുടെ ഭീക്ഷണിയിൽനിന്ന് തീർഥാടകർക്ക് സംരക്ഷണം ഒരുക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്‌ക്വാഡുമായി വനംവകുപ്പ്. ശബരിമലയിലെത്തുന്ന തീർഥാടകർക്ക് ഭീക്ഷണിയായി തീർഥാടനപാതയിലും സന്നിധാനത്തും പരിസരത്തും കാണുന്ന പാമ്പുകളെ സുരക്ഷിതമായി പിടികൂടി വനത്തിൽ തുറന്നുവിടുന്ന പ്രവർത്തനത്തിനായി 24 മണിക്കൂറും സ്‌ക്വാഡുകൾ സജ്ജമാണ്. വനംവകുപ്പിന്റെ ജീവനക്കാരും വകുപ്പിലെ താൽക്കാലിക ജീവനക്കാരനായ ഗോപി ശെൽവവുമാണ് പ്രവർത്തിക്കുന്നത്. ഇന്നലെ വരെ 232 പാമ്പുകളെ വിവിധയിടങ്ങളിൽ നിന്ന് പിടികൂടിയിട്ടു ്. ഇതിൽ 34 മൂർഖനും 18 അണലി വർഗത്തിൽപ്പെട്ടവയുമാണ്. കാനനപാതയിലും സന്നിധാനത്തും പരിസരത്തും ആന ഉൾപ്പടെയുള്ള വന്യമൃഗ സാന്നിധ്യം നിരീക്ഷിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന എലിഫന്റ് സ്‌ക്വാഡും ഉ ്. കൂടാതെ പാ ിത്താവളം കേന്ദ്രീകരിച്ച് പോലീസ് ഉദ്യോഗസ്ഥരുമൊത്ത് രാത്രിയിൽ ക്യാമ്പ് ചെയ്ത് വന്യമൃഗ സാന്നിധ്യം നിരീക്ഷിക്കുകയും ഇവയുടെ ശല്യം അനുഭവപ്പെടുന്ന സാഹചര്യത്തിൽ അവയെ സുരക്ഷിതമായി വനാന്തർഭാഗത്തേക്ക് വിടുന്നതിനുള്ള പ്രവർത്തനവും ഈ സംഘത്തിന്റെ ചുമതലയാണ്. ശബരിമലയിലെത്തുന്ന ഭക്തർക്ക് സ്ഥിരമായി ഉപദ്രവകാരികളാകുന്ന പന്നി

കൾ ഉ    ായെന്ന് നിരീക്ഷിക്കുന്നതിനും 24 മണിക്കൂർ സ്ക്വാഡ് പ്രവർത്തിക്കുന്നു. സ്ക്വാഡ് തീർഥാടകരുടെ ഇടയിലും പരിസരത്തും വിവിധഭാഗങ്ങളിൽ കാണുന്ന പന്നികളെ സൂക്ഷ്മമായി നിരീക്ഷിക്കുകയും ശല്യക്കാരെ വനത്തിനുള്ളിലേയ്ക്ക് കടത്തിവിടുകയും ചെയ്യും. വനംവകുപ്പിന്റെ വെറ്ററിനറി ഡോക്ടർമാരുടെ സേവനവും ഉറപ്പാക്കിയിട്ടു ്.

(പി.ആർ. ശബരി-433)

## വന്യമൃഗങ്ങൾക്ക് ഭക്ഷണം നൽകുന്നത് ഒഴിവാക്കണം

വനത്തിലെ മൃഗങ്ങൾക്ക് മനുഷ്യർ ഭക്ഷണം നൽകുന്നത് വന്യമൃഗശല്യം കൂട്ടാൻ ഇടയാക്കുമെന്ന് സന്നിധാനം റേഞ്ച് ഫോറസ്റ്റ് ഓഫീസർ പി.കെ. രാജേഷ് പറഞ്ഞു. മൃഗങ്ങൾക്ക് സ്ഥിരമായി ഭക്ഷണം ലഭിച്ചാൽ അവ തീർഥാടകർ വരുന്ന പാതയിലേക്ക് കടന്നുവരാനുള്ള സാധ്യത കൂടുതലാണ്. പല സ്ഥലങ്ങളിലും തീർഥാടകർക്ക് വനംവകുപ്പ് ബോധവത്ക്കരണം നടത്തുന്നു ്. ഉരൽക്കുഴി മുതൽ മരക്കൂട്ടംവരെ നിരന്തര പെട്രോളിങ് ഉ ്. പെരിയാർ ടൈഗർ റിസർവിൽ ഉൾപ്പെടുന്ന സന്നിധാനവും പരിസരപ്രദേശങ്ങളും പാരിസ്ഥിതികമായി ഏറെ പ്രധാനപ്പെട്ടതാണ്. മണ്ഡല-മകരവിളക്ക് കാലത്തോടനുബന്ധിച്ച് ഒരു റേഞ്ച് ഫോറസ്റ്റ് ഓഫീസർ ഉൾപ്പടെ 15 ജീവനക്കാരെ വനംവകുപ്പ് സന്നിധാനത്ത് അധികമായി നിയോഗിച്ചിട്ടു ്. നിലവിൽ സ്പെഷ്യൽ ഫോറസ്റ്റ് ഓഫീസർമാരായ പോൾ വി. ഐസക്ക്, വി.ആർ. രാജീവ് എന്നിവരാണ് സ്ക്വാഡുകൾക്ക് നേതൃത്വം നൽകുന്നത്. കൺട്രോൾ റൂം നമ്പർ: 04735-202077, 04735-202074.

(പി.ആർ. ശബരി-434)

## പുല്ലുമേട് വഴി ഇതുവരെയെത്തിയത് 20,207 തീർഥാടകർ

സത്രം, പുല്ലുമേട്, ഉപ്പുപാറ, പാ   ിത്താവളം, ഉരൽക്കുഴി വഴി സന്നിധാനത്തെത്തുന്ന തീർഥാടകർക്ക് സുരക്ഷാക്രമീകരണങ്ങൾ ഏറെ പാലിക്കേ   തു ്. ജനുവരി 10വരെ 20,207 പേരാണ് പുല്ലുമേട് വഴി സന്നിധാനത്തെത്തിയത്. 3085പേർ തിരികെ പോയിട്ടുമു ്. പകൽമാത്രമാണ് ഇതുവഴി തീർഥാടകരെ വിടുന്നത്. സത്രത്തിൽ പാസ് നൽകിയാണ് കടത്തിവിടുക.

(പി.ആർ. ശബരി-435)

## കാഴ്ചയില്ലെങ്കിലും അയ്യപ്പൻ വെളിച്ചമേകും; ആദ്യമായി മലച വിട്ടി കുമാർ

ജന്മനാകാഴ്ചയില്ലെങ്കിലും രാജപാളത്തുനിന്ന് കുമളി വഴി ബസിൽ അയ്യപ്പ സന്നിധിയിൽ കുമാർ എത്തി. 38 വയസുള്ള കുമാർ ഇതാദ്യമായാണ് സന്നി ധാനത്തെത്തി അയ്യപ്പനെ വണങ്ങുന്നത്. ഒറ്റയ്ക്കായിരുന്നു കുമാറിന്റെ യാത്ര. പലരോടും ചോദിച്ചും പറഞ്ഞുമാണ് മലചവിട്ടിയത്. രാജപാളയത്ത് നിന്ന് കുമളി, മു ക്കയം, എരുമേലി വഴി പമ്പയിലെത്തി. കാഴ്ചയില്ലാത്ത തനിക്ക് യാതൊരു ബുദ്ധിമുട്ടുമില്ലാതെ അയ്യപ്പനെ തൊഴാൻ കഴിഞ്ഞത് ശ ബരിമല അയ്യപ്പന്റെ നിർലോഭമായ ആത്മീയ വെളിച്ചം കൊ ാണെന്ന് കു മാർ പറഞ്ഞു. ബന്ധുക്കളോ, സുഹൃത്തുക്കളോ ആരുംതന്നെ സഹായത്തി നു ായിരുന്നില്ല. ആരുമില്ലാത്തവർക്ക് അയ്യപ്പൻ തുണയേകുമെന്നാണ് കു മാറിന്റെ പക്ഷം. സന്നിധാനത്ത് പോലീസാണ് തന്നെ സഹായിച്ചത്. പോലീ സിന്റെ സേവനം വളരെ വലുതാണെന്ന് കുമാർ സാക്ഷ്യപ്പെടുത്തുന്നു. സന്നി ധാനത്ത് വന്ന കുമാറിനെ പോലീസ് ക്യൂ നിർത്താതെ തന്നെ സോപാന ത്തെത്തിച്ച് പ്രസാദം വാങ്ങി നൽകി. അയ്യപ്പനെ അകക്കണ്ണുകൊ ് ദർശിച്ച തിന്റെ നിർവൃതിയിലായിരുന്നു കുമാറിന്റെ മടക്കം. പോലിസുകാർ കുമാറി നൊപ്പം കുശലം പറയുന്നതും കാണാമായിരുന്നു.

(പി.ആർ. ശബരി-435)

## മകരവിളക്കിന് മുന്നോടിയായിവിപുലമായ സുരക്ഷാസംവിധാനം

മകരവിളക്കിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി കഴിഞ്ഞദിവസം റവന്യൂ, പോലീസ്, ദേവസ്വം, ഫയർ ആന്റ് റെസ്ക്യൂ, കെ.എസ്.ഇ.ബി, ഫോറസ്റ്റ്, എൻ.ഡി.ആർ.എഫ്, ആർ.എ.എഫ് അധികൃതരുടെ സംയുക്തപരിശോധന നടത്തി. സുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ അടിയന്തി രമായ നടപടികൾ സ്വീകരിച്ചു തുടങ്ങി.

പോലീസ് എസ്.ഒ. ഓഫീസിന് മുകളിലൂടെ മകരവിളക്കിനുശേഷം കൊപ്രാക്കളം ഭാഗത്തേക്ക് ആളുകളെ കടത്തിവിടുന്ന വഴി സഞ്ചാരയോഗ്യ മാക്കുകയും ഉരുളൻ കല്ലുകളും മറ്റും നീക്കം ചെയ്യുകയും ചെയ്യും. ദേവസ്വം ബോർഡ് ഇതിന് നടപടിയെടുക്കും. പോലീസ് എസ്.ഒ. ഓഫീസിന് മുകളി ലുള്ള കടയുടെ മുൻഭാഗത്തെ വഴിയിലേക്ക് സാധനങ്ങൾ വെച്ചിരിക്കുന്നത് ഒഴിവാക്കും. പോലീസ് എസ്.ഒ. ഓഫീസിന് മുകളിലേക്ക് പുൽമേട്ടിലേക്കു ള്ള വഴിയിലുള്ള ട്രാൻസ്ഫോർമറിന്റെ ചുറ്റുവേലി ഇളകിക്കിടക്കുന്നത് നേ രെയാക്കും. ദേവസ്വംബോർഡ് പുതിയതായി നിർമിച്ചിട്ടുള്ള ദർശനം കോംപ്ല ക്സ് കെട്ടിടത്തിന്റെ ടെറസ്സിൽ ആളുകൾ കയറുന്നത് ഒഴിവാക്കിയതിന് കെ ട്ടിടത്തിൽ പോലീസിനെ നിയമിക്കും. വിരിവെയ്ക്കുന്ന ഷെഡുകളിലെ എല്ലാ വാതിലുകളും സഞ്ചാരയോഗ്യമാക്കി തുറന്നുകൊടുക്കുന്നതിന് കരാറു

കാർക്ക് നിർദേശം നൽകി.

പുൽമേട് ഭാഗത്ത് തീപിടുത്തം ഉ  ാകാതിരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് വനംവകുപ്പിന് നിർദേശം നൽകി. പുൽമേടിനും ശബരി മലയ്ക്കും ഇടയ്ക്കുള്ള സ്ഥലങ്ങളിൽ വ്യൂ പോയിന്റുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കും. ശ്രീ ശബരി ഹോട്ടലിന് സമീപം വ്യൂ പോയിന്റിലുള്ള വിറക് മാറ്റും. അവിടെ ബാരിക്കേഡ് കെട്ടും. പാ  ിത്താവളം ഭാഗത്തുള്ള തേജസ്വിനി ഡോണർ ഹൗസിന് മുൻപിലായുള്ള വാൽവ് ചേമ്പേഴ്സിന്റെ കുഴി അടച്ച് സുരക്ഷിതമായി സഞ്ചരിക്കുന്നതിന് നടപടി എടുക്കും. മകരവിളക്ക് സമയത്ത് അന്നദാന മണ്ഡപത്തിന്റേയും മറ്റ് കെട്ടിടങ്ങളുടേയും മേൽക്കൂരയിൽ ഭക്തർ കയറാതെ പോലീസ് ശ്രദ്ധിക്കണം. സഹ്യാദ്രി, കൈലാസ് തുടങ്ങിയ മറ്റ് കെട്ടിടങ്ങളുടേയും റൂഫ് ടോപ്പിലേക്കുള്ള വഴി അടവാക്കി താക്കോൽ പോലീസിനെ ഏൽപ്പിക്കും.

സന്നിധാനത്ത്  വൈ ഔട്ട് സൈൻബോർഡ് സ്ഥാപിക്കണം. പാ  ിത്താവളത്തിന് മുകളിലായി ചുക്കുവെള്ളം വിതരണം ചെയ്യുന്നതിന് പുതിയതായി നിർമിച്ച താൽക്കാലിക ഷെഡ് സഞ്ചാരതടസ്സം സൃഷ്ടിക്കുന്നതിനാൽ മാറ്റി സ്ഥാപിക്കും. ബേയ്‌ലിപാലത്തിലേയ്ക്കുള്ള വഴിയിലെ കോൺക്രീറ്റ് ഇളകി കമ്പി തെളിഞ്ഞ് നിൽക്കുന്നത് മൂടുന്നതിനുള്ള നടപടി സ്വീകരിക്കും. പാലത്തിലെ കരഭാഗത്തിനോട് ചേർന്ന് ഷീറ്റ് ഇളകിക്കിടക്കുന്നത് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കും. ബെയ്‌ലിപാലത്തിൽ നിന്നും ദേവസ്വം മെസ്സിലേയ്ക്കുള്ള ഭാഗത്തേത് ആളുകൾ വരാതിരിക്കാൻ വടം കെട്ടിത്തിരിക്കും. ആയതിനുവേ  സൗകര്യം ബോർഡ് ഒരുക്കും.

കൊപ്രാക്കളത്തിൽ അടുക്കളയുടെ ഭാഗത്ത് കൂട്ടിയിട്ടിരുക്കുന്ന ചിരട്ടയിലേയ്ക്ക് തീ പടരാതിരിക്കുന്നതിന് നടപടിയെടുക്കാൻ കരാറുകാരന് നിർദേശം നൽകി. ഇവിടെ ഫയർ എക്സ്റ്റിങ്ഷർ സൂക്ഷിക്കണം. പാചകത്തിനാവശ്യമായ പലവ്യഞ്ജനസാധനങ്ങൾ, പാത്രങ്ങൾ തുടങ്ങിയവ പമ്പയിൽ നിന്നും കൊ  ുവരാതിരിക്കാൻ നടപടി സ്വീകരിക്കും. തിരുവാഭരണ ഘോഷയാത്ര വരുമ്പോൾ നടപ്പന്തലിൽ തിക്കും തിരക്കും ഉ  ാകാതിരിക്കാൻ ആവശ്യത്തിന് സേനയെ നിയോഗിക്കണം. ബാരിക്കേഡ് വടം ഉപയോഗിച്ച് ഭക്തർ ഘോഷയാത്രയിലേക്ക് തിക്കിത്തിരക്കി കയറാതിരിക്കാനുള്ള നടപടി സ്വീകരിക്കും. വിവിധവകുപ്പുകൾ ബന്ധപ്പെട്ട ജോലികൾ പൂർത്തീകരിച്ച് സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റിനെ അറിയിക്കാനും തീരുമാനിച്ചു.

(പി.ആർ. ശബരി-436)

## ടിപ്പർ ഗതാഗതം നിരോധിച്ചു

ശബരിമല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ ഉ  ാകുന്ന  വാഹന ബാഹുല്യം പരിഗണിച്ച് ഈ മാസം 13നും 14നും എല്ലാ തരത്തിലുള്ള ടിപ്പർ ലോറികളുടെയും ഗതാഗതം ജില്ലയിലെ റോഡുകളിൽ

നിരോധിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു.

(പി.ആർ. ശബരി-437)

## കുള്ളാർ ഡാം തുറക്കും

ശബരിമല മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായി പമ്പാ നദിയിലെ ജലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് ഈ മാസം 19 വരെ പ്രതിദിനം 25000 ക്യൂബിക് മീറ്റർ ജലം കുള്ളാർ ഡാമിൽ നിന്നും പമ്പാ നദിയിലേക്ക് തുറന്നുവിടും. ശബരിമല തീർഥാടകരും പമ്പാ നദിയുടെ തീരത്ത് വസിക്കുന്നവരും ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പി.ആർ. ശബരി-438)

## ഇന്ന് (12) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (12) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: നിബിൻ മെഡിക്കൽസ് പത്തനംതിട്ട, മാവേലി മെഡിക്കൽ സ്റ്റോർ കോന്നി, നീതി മെഡിക്കൽ സ്റ്റോർ കോഴഞ്ചേരി, മരിയ ഹോസ്പിറ്റൽ അടൂർ, ഉദയ മെഡിക്കൽസ് പന്തളം, ബ്രദേഴ്സ് മെഡിക്കൽസ് മുത്തൂർ തിരുവല്ല, പ്രതിഭ മെഡിക്കൽസ് പെരുനാട്.

(പി.ആർ. ശബരി-439)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
| --- | --- | --- |
| JANUARY | 11 | 2019 |



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## മകരവിളക്ക് ഉത്സവം: ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കളക്ടർ

ശബരിമല മണ്ഡല മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കളക്ടർ പി. ബി നൂഹ് പറഞ്ഞു. കളക്ടറേറ്റിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരക്ക് കണക്കിലെടുത്ത് എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിന് വിവിധ വകുപ്പ്തല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായി അദ്ദേഹം പറഞ്ഞു. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ തിരക്ക് അനുസരിച്ച് ആവശ്യമായ നിയന്ത്രണങ്ങൾ പൊലീസ് ഏർപ്പെടുത്തും.

ഇന്ന്(12) പന്തളത്തു നിന്നും പുറപ്പെടുന്ന തിരുവാഭരണഘോഷയാത്രയെ അനുഗമിക്കുന്നതിലേയ്ക്കായി വനംവകുപ്പ്, പോലീസ്, അഗ്നിശമന സേന, റവന്യൂവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടു ്. തിരുവാഭരണ ഘോഷയാത്രയ്ക്ക് അധികം സുരക്ഷ ഒരുക്കിയിട്ടു ്. മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് 13നും 14നും ജില്ലയിലെ നിരത്തുകളിൽ ഡ്രൈവിംഗ് പരിശീലനം നടത്തുന്നതും, ടിപ്പർ ലോറികൾ സഞ്ചാരം നടത്തുന്നതും നിരോധിച്ചിട്ടു ്. പമ്പ കെ.എസ്.ആർ.ടി.സിയിലെ ഗതാഗത നിയന്ത്രണത്തിന്റെ മേൽനോട്ടത്തിനായി പത്തനംതിട്ട എൽ.എ (ജനറൽ സ്പെഷ്യൽ തഹസിൽദാർ) ടി.ജി ഗോപകുമാറിനെ നിയോഗിച്ചു. മകരജ്യോതി ദർശിക്കുന്ന അട്ടത്തോട്

പടിഞ്ഞാറ്, അട്ടത്തോട് കോളനി, നെല്ലിമല, അയ്യൻമല, പഞ്ഞിപ്പാറ, ഇലവുങ്കൽ, അട്ടത്തോട് പടിഞ്ഞാറേക്കര എന്നീ വ്യൂ പോയിന്റുകളിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പ്തല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിശദമായ സുരക്ഷാപരിശോധന നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വ്യൂ പോയിന്റുകളിൽ ആംബുലൻസ്, ഫസ്റ്റ് എയ്ഡ്, അസ്കാ ലൈറ്റ്, എന്നിവയും അയ്യപ്പസേവാസംഘം വോളന്റിയർമാരെയും ക്രമീകരിച്ചിട്ടു ്. എല്ലാ മകരവിളക്ക് വ്യൂപോയിന്റുകളിലും ഉച്ചഭാഷിണികൾ ഏർപ്പെടുത്തി.

എല്ലാ വ്യൂപോയിന്റുകളിലും ഡെപ്യൂട്ടി തഹസീൽദാർമാരുടെ നേതൃത്വത്തിൽ പോലീസ്, ആരോഗ്യം, ഫയർ, ദുരന്തനിവാരണ വിഭാഗം ഉദ്യോഗസ്ഥരെ നിയോഗിച്ചു.മകരവിളക്ക് വ്യൂ പോയിന്റുകളിൽ സുരക്ഷാ ക്രമീകരണങ്ങൾക്ക് പുറമേ തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യവും ഒരുക്കിയിട്ടു ്. മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള ജില്ലയിലെ എല്ലാ റവന്യൂ കാര്യാലയങ്ങളിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കും. ആറ് താലൂക്കുകളിലും ഡെപ്യൂട്ടി കളക്ടർ തസ്തികയിലുള്ള ചാർജ് ഓഫീസർമാരെ നിയോഗിച്ചിട്ടു ്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ചു. എക്സൈസ് വകുപ്പും പരിശോധന കർശനമാക്കിയിട്ടു ്. തിരുവാഭരണപാത കടന്ന് പോകുന്ന സ്ഥലങ്ങളിലും എല്ലാ റോഡുകളിലും വൈദ്യുതിവിളക്കുകൾ, ശൗചാലയങ്ങൾ, കുടിവെള്ളം എന്നിവ ക്രമീകരിച്ചു. കാനനപാതകളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് ഇക്കോ ഗാർഡുകളെ നിയോഗിച്ചു. എല്ലാ മകരജ്യോതി വ്യൂ പോയിന്റുകളിലും ഡെപ്യൂട്ടി തഹസിൽദാർമാരുടെ നേതൃത്വത്തിൽ ചാർജ് ഓഫീസർമാരെ ജനുവരി 13 ന് രാവിലെ ഒൻപത് മുതൽ ജനുവരി 15 ന് വൈകിട്ട് ആറ് വരെ നിയോഗിച്ചു. ഇവർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടു ്. പമ്പ ഹിൽടോപ്പിൽ മണ്ണിടിച്ചിൽ സാധ്യതയുള്ളതിനാൽ ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ വിദഗ്ധ സമിതി പരിശോധന നടത്തിയിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹിൽടോപ്പിലെ പാർക്കിംഗും മകരജ്യോതി ദർശിക്കുവാനായി തീർത്ഥാടകർ കയറുന്നതും പൂർണമായും നിരോധിച്ചു.

പമ്പ ത്രിവേണി സ്നാനസരസിലെ ജലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് കനത്ത സുരക്ഷാ ക്രമീകരണങ്ങളോടെ കുള്ളാർ അണക്കെട്ടിൽ നിന്നും ജനുവരി 10 മുതൽ 19 വരെ 25,000 മീറ്റർ ക്യൂബ് ജലം തുറന്ന് വിടുന്നതിന് അനുമതി നൽകി. ശബരിമലയെ പ്ലാസ്റ്റിക് മുക്തമാക്കുന്നതിലേക്കായി മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുടെ ഭാഗമായി തീർത്ഥാടകരുടെ പക്കൽ നിന്നും പ്ലാസ്റ്റിക് സഞ്ചികൾ വാങ്ങി പകരം കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ തുണിസഞ്ചികൾ വിതരണം ചെയ്ത് വരുകയാണ്. മകരവിളക്ക് ഉത്സവത്തോട് അനുബന്ധിച്ച് ശബരിമലയുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ സ്ഥലങ്ങളിലും ആംബുലൻസുകൾ ക്രമീകരിച്ചിട്ടു ്. മൂഴിയാർ , കൊച്ചുപമ്പ എന്നിവിടങ്ങളിൽ അടിയന്തരഘട്ട ആശയവിനിമയം നടത്തുന്നതിലേക്കായി ഹാം റേഡിയോ സംവിധാനം ഏർപ്പെടുത്തി. തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മകരവിളക്ക് ഉത്സവത്തിന് ശേഷം തീർത്ഥാടകരെ വടം കെട്ടി ഘട്ടം ഘട്ടമായി മാത്രമേ മടങ്ങുവാൻ അനുവദിക്കുകയുള്ളു.

കെ.എസ്.ആർ.ടി.സി ബസിന്റെ മുകളിൽ തീർത്ഥാടകർ മടക്കയാത്ര ചെയ്യുന്നത് ഒഴിവാക്കുന്നതിനായി കെ.എസ്.ആർ.ടി.സി ബസുകളുടെ പിറക് വശത്തേയും മുകളിലേയും ഗ്രില്ലുകൾ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകി. തീർഥാടകർ വാഹനത്തിന്റെ അരികിൽ ഗ്യാസ് സിലി ർ ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യുന്നത് നിരോധിച്ചിട്ടു ്. തീർഥാടകരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ എല്ലാ സ്നാനകടവുകളിലും ആവശ്യമായ ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിനും ആവശ്യമായ മുന്നറിയിപ്പ് ബോർഡുകളും മറ്റും ക്രമീകരിക്കുന്നതിനും നിർദ്ദേശം നൽകി. അടിയന്തിരഘട്ടങ്ങളിൽ തീർത്ഥാടകർക്ക് ബന്ധപ്പെടുന്നതിന് വിവിധ വകുപ്പുകളുടെ ഫോൺ നമ്പറും സ്വീകരിക്കേ  തുടർനടപടികളും സംബന്ധിച്ച കൈപ്പുസ്തകം ജില്ലാ ഭരണകൂടം പ്രസിദ്ധീകരിച്ചിട്ടുെ  ന്നും ജില്ലാകളക്ടർ അറിയിച്ചു.

(പി.ആർ. ശബരി-440)

## മകരവിളക്ക് ഉത്സവം: പാർക്കിംഗ് ക്രമീകരണം ഏർപ്പെടുത്തി

ശബരിമല മകരവിളക്ക് ഉത്സവത്തിന്റെ ഭാഗമായി വാഹനങ്ങളുടെ പാർക്കിംഗിനായി ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി പത്തനംതിട്ട ജില്ലാ പൊലീസ് മേധാവി ടി.നാരായണൻ അറിയിച്ചു. പത്തനംതിട്ട ഭാഗത്ത് നിന്നും വരുന്ന വാഹനങ്ങൾ 13 ന് വൈകിട്ട് നാല് മുതൽ ളാഹയിൽ തീർഥാടകരെ ഇറക്കണം. തീർഥാടകർ അവിടെ നിന്നും കെ.എസ്.ആർ.ടി.സി ബസുകളിൽ പമ്പയിലേക്ക് പോകണം. തീർഥാടകരെ ഇറക്കിയ ശേഷം വാഹനങ്ങൾ ളാഹ മഞ്ഞത്തോട് റോഡ്, ളാഹ ക്ഷേത്രത്തിന് പുറകിൽ കൂടിയുള്ള റോഡ്, ളാഹ എസ്റ്റേറ്റ് -ബംഗ്ലാവ് റോഡ്, പുതുക്കട- ഇളയ തമ്പുരാട്ടിക്കാവ് റോഡ്, ളാഹയിലും പരിസരത്തുമായി റോഡ് ഗതാഗതം തടസപ്പെടാത്ത വിധം പാർക്ക് ചെയ്യണം. ഈ സ്ഥലത്തെ പാർക്കിംഗ് നിറഞ്ഞതിന് ശേഷം വരുന്ന വാഹനങ്ങളിലെ തീർഥാടകർ പെരുനാട്ടിൽ ഇറങ്ങണം. അവിടെ ക്രമീകരിച്ചിട്ടുള്ള കെ.എസ്. ആർ.ടി.സി ചെയിൻ സർവീസ് ബസുകളിൽ പമ്പയിലേക്ക് പോകണം. തീർഥാടകരെ ഇറക്കിയ ശേഷം വാഹനങ്ങൾ പുതുക്കട-ചിറ്റാർ റോഡ്, പുതുക്കട-കണ്ണനുമൺ റോഡ്, കാർമ്മൽ എൻജിനീയറിംഗ് കോളജ് ഗ്രൗ ്, മടത്തുംമൂഴി-കണ്ണനുമൺ റോഡിൽ നെടുമൺ വരെയുള്ള റോഡ് സൈഡുകളിൽ ഗതാഗത തടസം ഉ  ാകാത്ത വിധം പാർക്ക് ചെയ്യണം. ഈ സ്ഥലങ്ങളിലെ പാർക്കിംഗ് നിറഞ്ഞതിന് ശേഷം തുടർന്നും വാഹനങ്ങൾ എത്തുന്ന പക്ഷം തീർഥാടകരെ വടശേരിക്കരയിൽ ഇറക്കണം. തീർഥാടകർ അവിടെ ക്രമീകരിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി ചെയിൻ സർവീസ് ബസുകളിൽ പമ്പയിലേക്ക് പോകണം. ഈ വാഹനങ്ങൾ സീതത്തോട് സ്കൂൾ ഗ്രൗ ്, സീതത്തോട്-അള്ളുങ്കൽ റോഡ്, ആങ്ങമൂഴി സ്കൂൾ ഗ്രൗ ്, ആങ്ങമൂഴി-ചിറ്റാർ റൂട്ടിൽ സീതത്തോട് വരെയുള്ള റോഡ് സൈഡ്, ആങ്ങമൂഴി -കോട്ടമൺപാറ റോഡ്,

ആങ്ങമൂഴി-ഗവി റൂട്ടിൽ റോഡ് സൈഡ്, പാലത്തടിയാൽ മുതൽ മൂഴിയാർ ജംഗ്ഷൻ വരെയുള്ള റോഡ് സൈഡിലുമായും ലഭ്യമായ ഇടത്താവളങ്ങളിലും പാർക്ക് ചെയ്യണം.

3 ന് വൈകിട്ട് നാല് മുതൽ എരുമേലിയിൽ നിന്ന് വരുന്ന സ്വകാര്യ വാഹനങ്ങൽ നിലയ്ക്കലിലേക്ക് കടത്തി വിടുന്നത് ഒഴിവാക്കി എരുമേലി പാർക്കിംഗ് ഗ്രൗ ിൽ പാർക്ക് ചെയ്യണം. ഇവിടെ നിന്നും തീർഥാടകർ കെ.എസ്.ആർ.ടി.സി ബസുകളിൽ പമ്പയിലേക്ക് പോകണം. എരുമേലി പാർക്കിംഗ് ഗ്രൗ ുകളിൽ വാഹനങ്ങൾ നിറയുന്ന മുറയ്ക്ക് പാലാ-പൊൻകുന്നം റോഡിൽ ഇളങ്ങുളം അമ്പലം ഗ്രൗ ിലും റോഡിന്റെ ഇടത് വശത്തും പാർക്ക് ചെയ്തതിന് ശേഷം പൊൻകുന്നത്ത് നിന്നും കെ.എസ്.ആർ.ടി.സി ബസുകളിൽ എരുമേലി-നിലയ്ക്കൽ വഴി പമ്പയ്ക്ക് പോകണം. ഇടുക്കി ജില്ലയിൽ നിന്നും മു ക്കയം വഴി നിലയ്ക്കലിലേക്ക് പോകുന്ന വാഹനങ്ങൾ ഇടുക്കി ജില്ലയിലെ വ ിപ്പെരിയാർ, ഇവിടെ ലഭ്യമായ ഇടത്താവളങ്ങൾ ഉൾപ്പെടെ അനുയോജ്യമായ സ്ഥലങ്ങളിൽ മറ്റ് വാഹനങ്ങൾക്ക് ബുദ്ധിമുട്ട് ഉ ാകാത്ത വിധം പാർക്ക് ചെയ്യണം.

മകരവിളക്ക് ദിവസമായ 14 ന് ഉച്ചയ്ക്ക് ര ിന് ശേഷം പത്തനംതിട്ട, മു ക്കയം, എരുമേലി എന്നിവിടങ്ങളിൽ നിന്നും നിലയ്ക്കലിലേക്ക് ഉള്ള കെ.എസ്.ആർ.ടി.സി സർവീസുകൾ നിർത്തി വയ്ക്കേ തും സ്വകാര്യ വാഹനങ്ങൾ ഓടിക്കുവാൻ പാടില്ലാത്തതുമാണ്. മകരജ്യോതിക്ക് ശേഷം പൊലീസിന്റെ നിർദേശം ലഭിച്ചതിന് ശേഷം മാത്രമേ ഈ സ്ഥലങ്ങളിൽ നിന്നും നിലയ്ക്കലിലേക്ക് കെ.എസ്.ആർ.ടി.സി സർവീസുകൾ പുനരാരംഭിക്കുവാനും സ്വകാര്യ വാഹനങ്ങൾ കടത്തി വിടുവാനും പാടുള്ളുവെന്നും പത്തനംതിട്ട ജില്ലാ പൊലീസ് മേധാവി അറിയിച്ചു.

(പി.ആർ. ശബരി-441)

## തിരുവാഭരണ ഘോഷയാത്ര: സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തി

ശബരിമല തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന വില്ലേജുകളിൽ സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തി ജില്ലാ മജിസ്ട്രേട്ടും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി.

പന്തളം, കുളനട വില്ലേജ് പരിധിയിൽ ഇന്ന് (12) രാവിലെ ആറുമതുൽ വൈകിട്ട് അഞ്ചുവരെയും കിടങ്ങന്നൂർ വില്ലേജ് പരിധിയിൽ രാവിലെ 10 മുതൽ രാത്രി എട്ടു വരെയും ആറന്മുള, മല്ലപ്പുഴശേരി വില്ലേജ് പരിധിയിൽ രാവിലെ 11 മുതൽ രാത്രി ഒൻപതു വരെയും കോഴഞ്ചേരി വില്ലേജ് പരിധിയിൽ ഉച്ചയ്ക്ക് ഒന്നു മുതൽ രാത്രി 11 വരെയും ചെറുകോൽ, അയിരൂർ വില്ലേജ് പരിധിയിൽ ഇന്ന് (12) വൈകിട്ട് മൂന്നു മുതൽ 13ന് രാവിലെ ഏഴു വരെയും റാന്നി വില്ലേജ് പരിധിയിൽ 13ന് രാവിലെ ആറു മുതൽ രാവിലെ 10 വരെയും വടശേരിക്കര വില്ലേജ് പരിധിയിൽ 13ന് രാവിലെ ആറു മുതൽ ഉച്ചയ്ക്ക് 12 വരെയും റാന്നി-പെരുനാട് വില്ലേജ് പരിധിയിൽ 13ന് രാവിലെ എട്ടു മുതൽ രാത്രി 10 വരെയുമാണ് സമ്പൂർണ മദ്യനിരോധനം.

തിരുവാഭരണ ഘോഷയാത്ര സന്നിധാനത്തു നിന്നും റാന്നി- പെരുനാട് മാളികപ്പുറം ക്ഷേത്രത്തിൽ മടങ്ങിയെത്തുന്ന ജനുവരി 21ന് റാന്നി-പെരുനാട് വില്ലേജ് പരിധിയിൽ 24 മണിക്കൂർ സമ്പൂർണ മദ്യനിരോധനവും ഏർപ്പെടുത്തിയിട്ടു ്. ഉത്തരവ് കർശനമായി നടപ്പാക്കുന്നതിന് പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയേയും പത്തനംതിട്ട എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറേയും ചുമതലപ്പെടുത്തി.

(പി.ആർ. ശബരി-442)

## ശബരിമലയിൽ ഇന്ന് (12.01.19)

പുലർച്ചെ 3ന് നട തുറക്കൽ
3.05ന് നിർമാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12 വരെ നെയ്യഭിഷേകം
7.30ന് ഉഷപൂജ
8.30ന് അഷ്ടാഭിഷേകം
12.30ന് കളഭാഭിഷേകം/ ഉച്ചപൂജ
1ന് നട അടയ്ക്കൽ
വൈകീട്ട് 3ന് നടതുറക്കൽ
6.30ന് ദീപാരാധന
രാത്രി 9.30ന് അത്താഴപൂജ
10.50ന് ഹരിവരാസനം
11ന് നട അടയ്ക്കൽ

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.